LIBRARY ARCHIVES Kerala Legislative Assembly

കരുവന്നൂർ സഹകരണ ബാങ്ക്

345 (730) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സഹകരണ ബാങ്കിൽനിന്ന് എടുത്ത വായ്പ മറ്റൊരു സഹകരണ ബാങ്കിലേയ്ക്ക് മാറ്റാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമ പ്രകാരം ഒരു സഹകരണ ബാങ്കിൽനിന്നും എടുത്ത വായ്പ മറ്റൊരു സഹകരണ ബാങ്കിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥയില്ല.

(ബി) കരുവന്നൂർ ബാങ്കിൽ തിരിച്ചടവ് മുടങ്ങിക്കിടന്നിരുന്ന ആരുടെയെങ്കിലും വായ്പ മറ്റേതെങ്കിലും സഹകരണ ബാങ്ക് ഏറ്റെടുത്തിട്ടുണ്ടോ?

ഏറ്റെടുത്തിട്ടുണ്ട്.

(സി) എങ്കിൽ ആരുടെ എത്ര കോടി രൂപയുടെ വായ്പ ഏത് ബാങ്ക് എപ്പോഴാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സുശീൽ കെ. ആർ., ശ്രീ.സന്തോഷ് കെ. കെ., ശ്രീ. പ്രലോഭ്, ശ്രീ. അരുൺ, ശ്രീ. മുരളീധരൻ കെ. ആർ., ശ്രീ. റോഷ്, ശ്രീമതി ജിത ബിനോയ്, ശ്രീ. ബിനോയ് കെ. പി. എന്നിവരുടെ മുതലും പലിശയുമടക്കം 3.10 കോടി രൂപയുടെ വായ്പ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽനിന്നും കാറളം സർവ്വീസ് സഹകരണ ബാങ്ക് 28-3-2021-ൽ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) വായ്പ ഏറ്റെടുത്ത ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; കടക്കെണിയിൽപ്പെട്ടുകിടന്ന ബാങ്കാണോ വായ്പ ഏറ്റെടുത്തതെന്ന് വെളിപ്പെടുത്താമോ?

31-3-2021-ലെ കണക്കുകൾ പ്രകാരം കാറളം സർവ്വീസ് സഹകരണ ബാങ്കിൽ 150.71 കോടി രൂപയുടെ നിക്ഷേപ ബാക്കി നിൽപ്പും 116.11 കോടി രൂപയുടെ വായ്പ ബാക്കി നിൽപ്പും മറ്റ് ബാങ്കുകളിൽ കൂടുതൽ നിക്ഷേപമായി 52.83 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. കാറളം സർവ്വീസ് സഹകരണ ബാങ്ക് കടക്കെണിയിൽപ്പെട്ട ബാങ്കല്ല.

(ഇ) ആണെങ്കിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ വായ്പ ഏറ്റെടുക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ബാധകമല്ല.

(എഫ്) ഏറ്റെടുത്ത വായ്പയ്ക്ക് പുറമെ ടിയാൾക്ക് പ്രസ്തുത ബാങ്കിൽ മറ്റ് വായ്പ ഉണ്ടായിരുന്നോ; എങ്കിൽ എത്ര രൂപയുടെ വായ്പയാണതെന്ന് വ്യക്തമാക്കാമോ?

ഏറ്റെടുത്ത വായ്പയ്ക്ക് പുറമേ ടിയാളുകൾക്ക് പ്രസ്തുത ബാങ്കിൽ മറ്റ് വായ്പകൾ ഉണ്ടായിരുന്നില്ല.